# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3375

20/06/2018 ലെ
മറുപടിയ്ക്ക്

## സർക്കാരിന്റെ രണ്ടാം വാർഷികാഘോഷം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഒ രാജഗോപാൽ** | | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഏതൊക്കെ പരിപാടികളാണ് സംഘടിപ്പിച്ചത്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനസർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>1. ജില്ലകളിലും മണ്ഡലാടിസ്ഥാനത്തിലും വിവിധ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനവും പൂർത്തീകരിച്ച പദ്ധതികളുടെ ഉദ്ഘാനവും<br>2. ഒരു വാരം നീണ്ടു നിന്ന ഉല്പന്ന പ്രദർശന വിപണനമേളയും സാംസ്കാരിക പരിപാടികളും സെമിനാറുകളും<br>കൂടാതെ 2018 മെയ് 18 ന് കണ്ണൂരിൽ വച്ച് രണ്ടാം വാർഷികാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനവും മെയ് 30 ന് തിരുവനന്തപുരത്ത് വച്ച് സംസ്ഥാനതല സമാപനവും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | രണ്ടാം വാർഷികത്തിന്റെ ഭാഗമായി നല്കിയ പരസ്യങ്ങൾക്ക് മാത്രമായി എത്ര രൂപ ചെലവായി എന്ന് വിശദമാക്കാമോ, ഓരോ പത്രത്തിനും ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾക്കുമായി നല്കിയ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) രണ്ടാം വാർഷികത്തിന്റെ ഭാഗമായി നല്കിയ പരസ്യങ്ങൾക്ക് 20/06/2018 ലെ വിവരങ്ങൾ പ്രകാരം തുകയൊന്നും ചെലവായിട്ടില്ല |

സെക്ഷൻ ഓഫീസർ